2022 ഡിസംബർ 15
വ്യാഴം EKM
മംഗളം

# വിശ്വജ്യോതിയിൽ ത്രിദിന വർക്ക്ഷോപ്പ്

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗം സംഘടിപ്പിക്കുന്ന ത്രിദിന വർക്ഷോപ്പിന് ആരംഭം കുറിച്ചു.

മെഷിൻ ലേണിംഗ് - അടിസ്ഥാനവും സാധ്യതകളും എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കമ്പ്യൂട്ടർ വിഭാഗവുമായി സഹകരിച്ചാണ് വർക് ഷോപ്പ് സംഘടിപ്പിച്ചത്. ശാസ്ത്ര സാങ്കേതിക സർവകലാശാല അസി. പ്രൊഫസർ ഡോ. ശൈലേഷ് ശിവൻ ഉദ്ഘാടനം നിർവഹിച്ചു.

കോളജ് ഡയറക്ടർ ഫാ. പോൾ നെടുമ്പുറം അധ്യക്ഷനായി. വിശ്വജ്യോതി വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, ഐ.ടി. വിഭാഗം മേധാവി അഞ്ജു സൂസൻ ജോർജ്, കോ-ഓർഡിനേറ്റർ ജൂലിയറ്റ് എ. മുരളി തുടങ്ങിയവർ സംസാരിച്ചു. വർക്ഷോപ്പ് നാളെ സമാപിക്കും. കോളജിലെ ഐ.ഇ.ഡി.സി. സെല്ലിന്റെ ആഭിമുഖ്യത്തിൽ ഹാക്കത്തോണും നടത്തും.



● കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കമ്പ്യൂട്ടർ വിഭാഗത്തിന്റെ നേതൃത്വത്തിൽ വാഴക്കുളം വിശ്വജ്യോതി എൻജിനിയറിങ് കോളജിൽ നടത്തുന്ന മെഷീൻ ലേണിംഗ് വർക്ഷോപ്പ് ഡോ. ശൈലേഷ് ശിവൻ ഉദ്ഘാടനം ചെയ്യുന്നു.